**എ.വൈ.ആർ**


**സൂറ-12**

# യൂസുഫ്

54 രാജാവ് കൽപിച്ചു: അദ്ദേഹത്തെ എന്റെ അടുത്തു കൊണ്ടുവരുവിൻ. ഞാനദ്ദേഹത്തെ എന്റെ ആത്മമിത്രമാക്കട്ടെ. അദ്ദേഹത്തോടു സംസാരിച്ചപ്പോൾ രാജാവ് പ്രസ്താവിച്ചു: ഇന്നു മുതൽ താങ്കൾ എന്റെയടുക്കൽ ഏറ്റം വിശ്വസ്തനായ ഉന്നതസ്ഥാനീയനാകുന്നു.

55 യൂസുഫ് പറഞ്ഞു: രാജ്യത്തിന്റെ ഖജനാവുകൾ എന്റെ ചുമതലയിലേൽപിച്ചാലും ഞാനതിൽ നല്ല അറിവുള്ള സംരക്ഷകനായിരിക്കും.

56 ഇപ്രകാരം യൂസുഫിന് നാം അന്നാട്ടിൽ അദ്ദേഹം ഉദ്ദേശിക്കുന്ന എവിടെയും താവളമാക്കാൻ അധികാരമൊരുക്കിക്കൊടുത്തു. നാം ഇഛിക്കുന്നവരെ നമ്മുടെ അനുഗ്രഹഭാജനമാക്കുന്നു. സുകൃതരുടെ കർമഫലം നാം പാഴാക്കിക്കളയുന്നതല്ല.

وَقَالَ ٱلْمَلِكُ ٱئْتُونِي بِهِۦٓ أَسْتَخْلِصْهُ لِنَفْسِي ۖ فَلَمَّا كَلَّمَهُۥ قَالَ إِنَّكَ
ٱلْيَوْمَ لَدَيْنَا مَكِينٌ أَمِينٌ ﴿٥٤﴾

قَالَ ٱجْعَلْنِي عَلَىٰ خَزَآئِنِ ٱلْأَرْضِ ۖ إِنِّي حَفِيظٌ عَلِيمٌ ﴿٥٥﴾

وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِي ٱلْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ ۚ نُصِيبُ
بِرَحْمَتِنَا مَن نَّشَآءُ ۖ وَلَا نُضِيعُ أَجْرَ ٱلْمُحْسِنِينَ ﴿٥٦﴾

وَقَالَ ٱلْمَلِكُ= രാജാവ് പറഞ്ഞു(കൽപിച്ചു) ٱئْتُونِي= എന്റെയടുത്തു കൊണ്ടുവരുവിൻ بِهِ= അദ്ദേഹത്തെ

أَسْتَخْلِصْهُ= (ആത്മമിത്രമാക്കട്ടെ) ഞാൻ അദ്ദേഹത്തെ തനിപ്പിക്കും لِنَفْسِي= (എന്റെ ആത്മ) എനിക്കുവേണ്ടി

فَلَمَّا كَلَّمَهُ= അദ്ദേഹത്തോടു സംസാരിച്ചപ്പോൾ (രാജാവ്) قَالَ= പറഞ്ഞു, പ്രസ്താവിച്ചു إِنَّكَ= തീർച്ചയായും താങ്കൾ

ٱلْيَوْمَ= (മുതൽ) ഇന്ന് لَدَيْنَا= നമ്മുടെ അടുക്കൽ مَكِينٌ= ഉന്നതസ്ഥാനീയനാകുന്നു أَمِينٌ= അതിവിശ്വസ്തനായ

قَالَ= പറഞ്ഞു (യൂസുഫ്) ٱجْعَلْنِي= (എന്റെ ചുമതലയിൽ ഏൽപിച്ചാലും) നീ എന്നെ ആക്കുക

عَلَىٰ خَزَآئِنِ ٱلْأَرْضِ= ഖജനാവുക(ൾ)ളിന്മേൽ (രാജ്യത്തിന്റെ) ഭൂമിയുടെ إِنِّي= തീർച്ചയായും ഞാൻ

حَفِيظٌ= സംരക്ഷകനാ(യിരിക്കും)കുന്നു (അതിന്റെ) عَلِيمٌ= നല്ല അറിവുള്ളവനായ وَكَذَٰلِكَ= ഇപ്രകാരം

مَكَّنَّا= സൗകര്യപ്പെടുത്തി (അധികാരം ഒരുക്കിക്കൊടുത്തു) നാം لِيُوسُفَ= യൂസുഫിന് فِي ٱلْأَرْضِ= ആ ഭൂമിയി(നാട്ടി)ൽ

يَتَبَوَّأُ مِنْهَا= (താവളമാക്കാൻ)താമസിക്കും അദ്ദേഹം അതിൽനിന്ന് حَيْثُ يَشَآءُ= (എവിടെയും) അദ്ദേഹം ഉദ്ദേശിക്കുന്നിടത്ത്

نُصِيبُ بِرَحْمَتِنَا= (നാം അനുഗ്രഹഭാജനമാക്കുന്നു)നമ്മുടെ അനുഗ്രഹം കൊണ്ട് നാം പ്രാപിക്കുന്നു مَن نَّشَآءُ= നാം ഇഛിക്കുന്നവരെ

وَلَا نُضِيعُ= നാം പാഴാക്കുന്നതല്ല أَجْرَ= കൂലി (കർമഫലം) ٱلْمُحْسِنِينَ= സുകൃതരുടെ, നന്മ ചെയ്യുന്നവരുടെ

**54:** തന്റെ സ്വപ്നത്തിന് തൃപ്തികരമായ വ്യാഖ്യാനം ലഭിച്ചപ്പോൾ തന്നെ രാജാവ് യൂസുഫി(അ)ൽ പ്രീതനായിരുന്നു. അതുകൊണ്ടാണ് അദ്ദേഹത്തെ മോചിപ്പിച്ച് രാജധാനിയിലെത്തിക്കാൻ ഉത്തരവിട്ടത്. സാധാരണ ഗതിയിൽ ജയിലിലകപ്പെട്ടവർ മോചനത്തിന് എന്തെങ്കിലുമൊരു പഴുതു കണ്ടാൽ മതി, ഉടനെ ആ വഴിക്ക് ചാടിപ്പുറപ്പെടും. യൂസുഫാകട്ടെ, എട്ടൊമ്പത് വർഷം ജയിലിൽ കിടന്ന ശേഷം രാജാവിന്റെ ഉത്തരവുണ്ടായിട്ടും പുറത്തിറങ്ങാൻ തയാറാകാതെ, ആദ്യം തന്റെ നിരപരാധിത്വം സ്ഥിരപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ട്, രാജാവിന്റെ ഔദാര്യത്തിലല്ലാതെ നിരപരാധിത്വം സ്ഥിരപ്പെട്ടതിന്റെ പേരിലേ താൻ മോചനമാഗ്രഹിക്കുന്നുള്ളൂ എന്നു വ്യക്തമാക്കുകയാണുണ്ടായത്. അതും രാജാവിനു നന്നെ ബോധിച്ചു. സ്വപ്നം സൂചിപ്പിച്ച ആപത്തു തരണം ചെയ്യാൻ യൂസുഫ് നിർദേശിച്ച പദ്ധതിയും രാജാവിനു അദ്ദേഹത്തിൽ മതിപ്പു വളർത്തുന്നതായിരുന്നു. യൂസുഫ് അതിബുദ്ധിമാനും വിജ്ഞനും പക്വമതിയുമാണെന്നും അദ്ദേഹം തന്നോടൊപ്പം രാജധാനിയിലുണ്ടായിരിക്കുന്നത് തനിക്കും രാജ്യത്തിനും വലിയ അനുഗ്രഹമാകുമെന്നും രാജാവ് തീരുമാനിച്ചു.

ഈ തീരുമാനമാണ് أَئْتُونِي بِهِۦٓ أَسْتَخْلِصْهُ لِنَفْسِى എന്ന വാക്യത്തിലൂടെ പ്രകടിപ്പിക്കുന്നത്. കലർപ്പുകളൊഴിവാക്കപ്പെടുക, കളങ്കരഹിതമാക്കുക, തനിമയുള്ളതാക്കിയെടുക്കുക എന്നൊക്കെ അർഥമുള്ള استخلاص ൽനിന്നുള്ള ഉത്തമപുരുഷ വർത്തമാന ക്രിയയാണ് أستخلص. മറ്റാർക്കും പങ്കുവെക്കാതെ എനിക്ക് സ്വന്തമായി പ്രത്യേകം തെരഞ്ഞെടുത്തു നിശ്ചയിക്കുന്നു എന്നാണ് أستخلص لنفسي യുടെ അർഥം. ആത്മമിത്രമാക്കുക, മനസാക്ഷി സൂക്ഷിപ്പുകാരനാക്കുക, പി.എ ആക്കുക തുടങ്ങിയ ആശയങ്ങളെയും അതുൾക്കൊള്ളുന്നു.

രാജധാനിയിലേക്കാനയിക്കപ്പെട്ട യൂസുഫിനെ നേരിൽ കണ്ട് സംസാരിച്ചപ്പോൾ താൻ വിചാരിച്ചതിനെക്കാൾ വളരെ കൂടുതൽ അറിവും ഔന്നത്യവും ആകർഷകത്വവുമുള്ള വ്യക്തിയാണദ്ദേഹമെന്ന് രാജാവിനു മനസ്സിലായി. അതുകൊണ്ടാണ് അദ്ദേഹം താങ്കളെ ഒരു രാജസേവകനോ സഹായിയോ ആയി നിയമിക്കുന്നു എന്നു പറയുന്നതിനു പകരം ഉന്നത സ്ഥാനീയനും ഏറ്റം വിശ്വസ്തനുമായി എന്ന് പറയുന്നത്. അന്തസ്സും അധികാരവും പ്രതാപവും ഒത്തിണങ്ങിയ പദവിയിലുള്ളവനാണ് مَكِينٌ. ചതിയോ വഞ്ചനയോ തീണ്ടാതെ ഏൽപിക്കപ്പെട്ട ചുമതലകൾ പൂർണമായി പാലിക്കുകയും കളവോ കാപട്യമോ ഏശാതെ സത്യം മാത്രം പറയുകയും ചെയ്യുന്നവനാണ് أَمِينٌ. ഒരു രാജാവിനു നൽകാൻ കഴിയുന്നതിൽ വെച്ചേറ്റവും ഉയർന്ന സ്ഥാനമാണത്.

**55,56:** ഇവിടെ الأرض (ഭൂമി, രാജ്യം) കൊണ്ടു വിവക്ഷ ഈജിപ്താണ്. خزائن (ഖജനാവുകൾ) സ്വർണം, വെള്ളി തുടങ്ങിയ നാണയമൂല്യമുള്ള വസ്തുക്കളുടെ ഭണ്ഡാരവും ധാന്യപ്പുരകളുമാണ്. രാജ്യത്തെ ഉൽപാദന മാധ്യമങ്ങൾ മുഴുവനുമാണതുകൊണ്ട് വിവക്ഷയെന്ന് മൗലാനാ അമീൻ അഹ്സൻ ഇസ്ലാഹി പറയുന്നു. വരാനിരിക്കുന്ന കൊടിയ ക്ഷാമത്തെ നേരിടാൻ നാട്ടിലെ ഉൽപാദന മാധ്യമങ്ങൾ മുഴുവൻ തന്റെ ഉത്തരവാദിത്വത്തിലും അധികാരത്തിലും ഏൽപിച്ചു തരേണമെന്നും താനത് തികഞ്ഞ കൃത്യതയോടെ സംഭരിച്ചു സംരക്ഷിക്കുമെന്നും അതിനുള്ള വിവരവും വിവേകവും തനിക്കുണ്ടെന്നുമാണ് യൂസുഫ്(അ) അറിയിക്കുന്നത്. രാജാവ് നിസ്സങ്കോചം അദ്ദേഹത്തിന് ആ ചുമതല ഏൽപിച്ചു കൊടുക്കുകയും ചെയ്തു.

ഇവിടെ താത്വികമായി രണ്ടു പ്രശ്നങ്ങളുണ്ട്. ഒന്ന്, അധികാര സ്ഥാനങ്ങൾ അല്ലെങ്കിൽ ഭരണപരമായ ജോലികൾ ചോദിച്ചു വാങ്ങാൻ പാടുണ്ടോ? രണ്ട്, ഒരു പ്രവാചകൻ, സത്യവിശ്വാസി അമുസ്ലിം രാജാവിനോ അനിസ്ലാമിക ഗവൺമെന്റിനോ കീഴിൽ ഭരണപരമായ പദവികൾ സ്വീകരിക്കാമോ?

ഒന്നാമത്തെ ചോദ്യത്തിനാധാരം രണ്ടു ഹദീസുകളാണ്. 1) ഇമാം മുസ്ലിം ഉദ്ധരിക്കുന്നു. റസൂൽ തിരുമേനി തന്നോടുപദേശിച്ചതായി അബ്ദുർറഹ്മാനുബ്നു സുംറഃ പറയുന്നു: "അല്ലയോ അബ്ദുർറഹ്മാൻ, നിങ്ങൾ അധികാരം ചോദിച്ചു വാങ്ങരുത്. ചോദിച്ചതിന്റെ പേരിൽ നിങ്ങൾക്കതു ലഭിച്ചാൽ നിങ്ങൾ അതിലേക്ക് ഭരമേൽപിക്കപ്പെട്ടു. (അതിന്റെ മുഴുവൻ ഉത്തരവാദിത്വവും നിങ്ങളുടെ ചുമലിലാകും. അല്ലാഹുവിന്റെ സഹായമുണ്ടാവില്ല) ചോദിക്കാതെയാണ് ലഭിക്കുന്നതെങ്കിൽ അതിൽ നിങ്ങൾ (അല്ലാഹുവിനാൽ) സഹായിക്കപ്പെടും." 2) പ്രവാചകൻ പ്രസ്താവിച്ചതായി അബൂ മൂസൽ അശ്അരിയിൽനിന്ന് ഇമാം മുസ്ലിം ഉദ്ധരിക്കുന്നു: "അല്ലാഹുവാണ, നാം ഈ ജോലിയിൽ അത് ആവശ്യപ്പെടുന്ന ആരെയും, അതിന് ആർത്തിയുള്ള ആരെയും അധികാരപ്പെടുത്തുന്നതല്ല."

അധികാരമോഹത്തെയും അത് സ്വയം ആവശ്യപ്പെടുന്നതിനെയും ഈ ഹദീസുകൾ വിലക്കുന്നു. സ്വേഛയാ അധികാരത്തിലേറുന്നവർക്ക് ആ അധികാരം ദോഷകരമായി ഭവിക്കുമെന്ന് താക്കീതു ചെയ്യുന്നു. ഒപ്പം അധികാര സ്ഥാനങ്ങളിൽ ജനങ്ങളാൽ അല്ലെങ്കിൽ ഉത്തരവാദപ്പെട്ടവരാൽ അവരോധിക്കപ്പെടുകയാണ് വേണ്ടതെന്നും അങ്ങനെ ലഭിക്കുന്ന അധികാരത്തിലേ അല്ലാഹുവിന്റെ സഹായവും അനുഗ്രഹവുമുണ്ടാകൂ എന്നും ഉണർത്തുകയും ചെയ്യുന്നു. അപ്പോൾ പിന്നെ യൂസുഫ്(അ) തന്നെ രാജ്യത്തെ ഖജനാവുകളുടെയെല്ലാം മേലധികാരിയാക്കണമെന്നാവശ്യപ്പെട്ടതിനെന്തു ന്യായം എന്നതാണ് പ്രശ്നം.

ഇതിനു പണ്ഡിതന്മാർ രണ്ടു വിശദീകരണം നൽകിയിട്ടുണ്ട്. രണ്ടും പ്രബലങ്ങളാകുന്നു. ഒന്ന്, യൂസുഫ്(അ) രാജാവിനോട് തനിക്ക് അധികാരം വേണമെന്ന് ആവശ്യപ്പെടുകയായിരുന്നില്ല. അദ്ദേഹത്തിന്റെ കഴിവുകളും യോഗ്യതകളും കണ്ടറിഞ്ഞ രാജാവ് തനിക്കു തുല്യമോ അതിനു മീതെയോ ഉള്ള അധികാര സ്ഥാനത്തു നിയമിക്കുകയായിരുന്നു. ആ നിയമനത്തിന്റെ ഉത്തരവാണ് إِنَّكَ ٱلْيَوْمَ لَدَيْنَا مَكِينٌ أَمِينٌ എന്ന രാജാവിന്റെ പ്രസ്താവന. ബൈബിൾ ഈ നിയമന കാര്യം വ്യക്തമായി പറയുന്നുണ്ട്. "ഫറവോൻ സേവകന്മാരോടു പറഞ്ഞു: ദൈവചൈതന്യത്തോടു കൂടിയ ഈ മനുഷ്യനെപ്പോലെ മറ്റൊരാളെ കണ്ടെത്താൻ കഴിയുമോ? ഫറവോൻ യോസേഫിനോടു പറഞ്ഞു: ദൈവം ഇവയെല്ലാം നിനക്കു വെളിപ്പെടുത്തിയിരിക്കയാൽ നിന്നോളം വിവേകിയും ജ്ഞാനിയും ആയ ഒരാൾ ഇവിടെയില്ല. എന്റെ ഗൃഹത്തിൽ നീ ആയിരിക്കും അധികാരി. നീ ആജ്ഞാപിക്കുന്നതുപോലെ എന്റെ പ്രജകളെല്ലാം അനുസരിച്ചുകൊള്ളും" (ഉൽപത്തി 41: 38–40). വരാൻ പോകുന്ന ഭയാനകമായ ക്ഷാമകാലത്ത് രാജ്യത്തെ നാശത്തിൽനിന്ന് രക്ഷിക്കാൻ യൂസുഫിന്റെ വിജ്ഞാനത്തിനും കാര്യപ്രാപ്തിക്കും മാത്രമേ കഴിയൂ എന്ന് രാജാവും രാജ്യസഭയും മനസ്സിലാക്കിയതാണ് ഈ നിയമത്തിനു കാരണമെന്നും ബൈബിൾ വ്യക്തമാക്കുന്നുണ്ട്. ഇതനുസരിച്ച് നിയമനം ലഭിച്ച യൂസുഫ്(അ) രാജ്യത്തിന്റെ ഉൽപാദനോപാധികളുടെ നിയന്ത്രണം താൻ ഏറ്റെടുത്തുകൊള്ളാമെന്നും അത് നന്നായി കൈകാര്യം ചെയ്യാൻ തനിക്കു കഴിയു

മെന്നും രാജാവിനെ അറിയിക്കുകയാണ് ഈ വാക്യത്തിലൂടെ.

രണ്ട്, അധികാര സ്ഥാനങ്ങൾ ചോദിച്ചു വാങ്ങുന്നതു വിലക്കുന്നതിലൂടെ നബി(സ) യഥാർഥത്തിൽ വിലക്കുന്നത് അധികാരത്തോടുള്ള ആർത്തിയെയും സ്വേഛാ പ്രമത്തതയെയുമാണ്. ഖുർആനിന്റെയും സുന്നത്തിന്റെയും വെളിച്ചത്തിൽ സമൂഹത്തിന് നേതൃത്വം നൽകാനും ഭരിക്കാനും യോഗ്യരാരാണോ അവരാണ് അധികാരം ഏറ്റെടുക്കേണ്ടത്. ആഗ്രഹിക്കുന്നവർക്കൊക്കെ കൊടുക്കാനുള്ളതല്ല ഭരണാധികാരം. താൻ അധികാരത്തിന് യോഗ്യനാണെന്ന് ഒരാൾ സ്വയം തീരുമാനിച്ചാൽ മതിയാവുകയുമില്ല. ഉത്തരവാദപ്പെട്ട ജനങ്ങളാണതു തീരുമാനിക്കേണ്ടത്. എന്നാൽ സമൂഹത്തിൽ സമാധാനവും ക്ഷേമവും സംരക്ഷിക്കാൻ തനിക്കു കഴിയുമെന്നും തന്നോളം അതിനു കഴിവുള്ളവർ അവിടെ വേറാരും ഇല്ലെന്നും ഒരാൾക്ക് ഉത്തമബോധ്യമുണ്ടാകുന്ന സാഹചര്യത്തിൽ അയാൾക്ക് അധികാരം സ്വയം ആവശ്യപ്പെട്ടുകൊണ്ട് മുന്നോട്ടു വരാവുന്നതാണ്. ചില സന്ദർഭങ്ങളിൽ അത് അയാളുടെ നിർബന്ധ ബാധ്യതയായിത്തീരുകയും ചെയ്യും. അത്തരം ഒരവസ്ഥയിലാണ് യൂസുഫ്(അ) ഈജിപ്തിൽ അധികാരം ആവശ്യപ്പെട്ടത്. രാജ്യം അഭിമുഖീകരിക്കുന്ന പ്രതിസന്ധി നേരിടാൻ അദ്ദേഹത്തിന്റെ കൈവശം വ്യക്തമായ പദ്ധതിയുണ്ടായിരുന്നു. അതു നടപ്പിലാക്കാനുള്ള മാർഗവും നന്നായറിയാം. ഈ അറിവും കഴിവുമുള്ള മറ്റാരും അന്നവിടെയുണ്ടായിരുന്നില്ല. രാജാവിനും രാജ്യസഭക്കുമെല്ലാം അറിയാവുന്നതാണക്കാര്യം. ഈ സാഹചര്യത്തിൽ തന്റെ അറിവും കഴിവും പ്രാവർത്തികമാക്കി രാജ്യത്തെ രക്ഷിക്കാൻ വേണ്ട അധികാരമാണ് യൂസുഫ്(അ) ആവശ്യപ്പെട്ടത്. അത് അപ്പോൾ അദ്ദേഹത്തിന്റെ കടമയായിരുന്നു.

ഭരണാധികാരം സ്വയം ആവശ്യപ്പെട്ടു നേടുന്നത് അനുവദനീയവും ചിലപ്പോൾ നിർബന്ധവുമാകുമെന്നതിന് പ്രമാണമായി ഈ സൂക്തത്തെ അംഗീകരിച്ചുകൊണ്ട് കർമശാസ്ത്ര വിശാരദന്മാർ പറയുന്നു: "അധികാരമേറ്റെടുക്കാൻ താൻ യോഗ്യനാണെന്നും താൻ ഏറ്റെടുത്തില്ലെങ്കിൽ സമൂഹത്തിന്റെ അവകാശങ്ങൾ ഹനിക്കപ്പെടുമെന്നും ബോധ്യമുള്ള ഒരാൾ അധികാരം സ്വയം ആവശ്യപ്പെടുന്നത് അനുവദനീയമാകുന്നു." ഇമാം മാസിരി പ്രസ്താവിച്ചു: "താൻ ഭരണമേറ്റെടുത്തില്ലെങ്കിൽ സമൂഹത്തിന്റെ അവകാശങ്ങൾ ഹനിക്കപ്പെടുമെന്നോ, അനർഹരായവർ ഭരണത്തിൽ വരുമെന്നോ ബോധ്യമായാൽ, അധികാരമേറ്റെടുക്കാൻ സ്വയം മുന്നോട്ടു വരേണ്ടത് മേധാശക്തിയും നീതിനിഷ്ഠയുമുള്ളവരുടെ നിർബന്ധ ബാധ്യതയാകുന്നു. ഇതുപോലെ, അനർഹരായവർ ഭരണത്തിൽ വന്നാൽ, അർഹരായവർ അധികാരം തേടി മുന്നോട്ടു വരുകയല്ലാതെ അവരെ ഒഴിവാക്കാൻ മറ്റു മാർഗമില്ല." ഏതാണ്ടിതേ അഭിപ്രായം ഇമാം ഗസ്സാലി തന്റെ 'അൽ വജീസി'ൽ പ്രകടിപ്പിച്ചിട്ടുള്ളതായി ഇബ്നു മർസൂഖ് പ്രസ്താവിച്ചിരിക്കുന്നു.

രണ്ടാമത്തെ ചോദ്യത്തിന്റെ ആധാരം ഖുർആൻ വചനങ്ങളാണ്. പ്രവാചകന്റെ അവസ്ഥയെക്കുറിച്ച് ഖുർആൻ പറയുന്നു: وَمَآ أَرْسَلْنَا مِن رَّسُولٍ إِلَّا لِيُطَاعَ بِإِذْنِ ٱللَّهِ (അല്ലാഹുവിന്റെ അനുമതിയാൽ അനുസരിക്കപ്പെടാനല്ലാതെ നാം ഒരു ദൈവദൂതനെയും നിയോഗിച്ചിട്ടില്ല -4:64). "അല്ലയോ സത്യവിശ്വാസികളേ, സത്യനിഷേധികളെ (കാഫിറുകളെ) നിങ്ങൾ ഔലിയാഅ് ആയി സ്വീകരിക്കരുത്" (4:144). മുസ്‌ലിംകൾ അല്ലാത്തവരെ മുസ്‌ലിംകൾ أولياء ആയി സ്വീകരിക്കരുത് എന്ന അർഥത്തിലുള്ള വേറെയും അനേകം വചനങ്ങൾ ഖുർആനിലുണ്ട്. ആത്മമിത്രങ്ങൾ, കൈകാര്യാധികാരികൾ, ഉറ്റവർ, രക്ഷിതാക്കൾ എന്നൊക്കെ أولياء ന് അർഥമുണ്ട്. പൗരന്മാരുടെ ജീവിതത്തിൽ കൈകാര്യാധികാരവും രക്ഷാധികാരവുമുള്ളവരാണല്ലോ ഭരണകൂടം. വിഗ്രഹാരാധകനായ ഈജിപ്ഷ്യൻ രാജാവിന്റെ കീഴിൽ പ്രവാചകനായ യൂസുഫ്(അ) ഉദ്യോഗം സ്വീകരിച്ചത് ഈ ഖുർആനിക വിധികൾക്കെതിരല്ലേ എന്നതാണ് പ്രശ്നം.

ഇതിന് പല വിശദീകരണങ്ങൾ നൽകപ്പെട്ടിട്ടുണ്ട്. യൂസുഫ് നബിയുടെ പ്രബോധനം സ്വീകരിച്ച് രാജാവ് ഇസ്‌ലാം സ്വീകരിച്ചിരുന്നു എന്നാണൊന്ന്. അതിനുള്ള സാധ്യത തള്ളിക്കളയാവുന്നതല്ലെങ്കിലും അങ്ങനെ സംഭവിച്ചുവെന്നതിന് ചരിത്രപരമായ തെളിവുകളില്ല. ഖുർആനോ ബൈബിളോ പറയുന്നുമില്ല. രാജാവ് തന്റെ അധികാരങ്ങളെല്ലാം യൂസുഫ് നബിക്ക് കൈമാറി എന്നാണ് മറ്റൊരു വിശദീകരണം. യൂസുഫ്(അ) രാജാവിന്റെ കീഴിലായിരുന്നില്ല. രാജാവ് അദ്ദേഹത്തിന്റെ കീഴിലായിരുന്നു. ചുരുങ്ങിയ പക്ഷം രാജാവിന്റേതിനു തുല്യമായ അധികാരമെങ്കിലും അദ്ദേഹത്തിനുണ്ടായിരുന്നു. അതാണ് وَكَذَٰلِكَ مَكَّنَّا لِيُوسُفَ فِى ٱلْأَرْضِ يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ എന്ന വാക്യത്തിൽ നിന്ന് വ്യക്തമാകുന്നത്. مَكَّنَّا എന്ന മൂലവാക്കിന്റെ അർഥം നേരത്തെ 21-ാം സൂക്തത്തിനു താഴെ വിശദീകരിച്ചിരിക്കുന്നു. ഈ വാക്കിന്റെ 'സ്വാധീനപ്പെടുത്തി അഥവാ അധികാരപ്പെടുത്തിക്കൊടുത്തു' എന്ന ആശയമാണ് ഈ സന്ദർഭത്തിൽ പ്രസക്തമായിട്ടുള്ളത്. ഈ അർഥത്തിൽ വേറെ ചില സ്ഥലങ്ങളിലും مَكَّنَّا ഉപയോഗിച്ചിട്ടുണ്ട്. ഉദാ: 22:41ൽ പറയുന്നു:

ٱلَّذِينَ إِن مَّكَّنَّٰهُمْ فِى ٱلْأَرْضِ أَقَامُوا۟ ٱلصَّلَوٰةَ وَءَاتَوُا۟ ٱلزَّكَوٰةَ وَأَمَرُوا۟

بِٱلْمَعْرُوفِ وَنَهَوْا۟ عَنِ ٱلْمُنكَرِ ۗ وَلِلَّهِ عَٰقِبَةُ ٱلْأُمُورِ

(അക്കൂട്ടർ, നാം ഭൂമിയിൽ അധികാരം നൽകിയാൽ നമസ്കാരം നിലനിർത്തുകയും സകാത്തു കൊടുക്കുകയും നല്ലതു കൽപിക്കുകയും തിയ്യത് വിലക്കുകയും ചെയ്യുന്നവരത്രെ. സകലകാര്യങ്ങളുടെയും അന്തിമ പരിണതി അല്ലാഹുവിന്റെ ഹസ്തത്തിലാകുന്നു). യൂസുഫ് നബിക്കു നൽകിയ അധികാരം ഭരണകൂടത്തിന്റെ ഏതെങ്കിലും വകുപ്പിൽ മാത്രമോ രാജ്യത്തിന്റെ ഏതെങ്കിലും പ്രദേശത്തുമാത്രമോ പരിമിതമായിരുന്നില്ലെന്നും രാജ്യത്താകമാനമായിരുന്നുവെന്നും ഊന്നിപ്പറയുന്നതാണ് يَتَبَوَّأُ مِنْهَا حَيْثُ يَشَآءُ എന്ന വാക്യം. ഇഷ്ടമുള്ള സ്ഥലത്തു ചെന്നു കുടിയേറി പാർത്തു കൊള്ളാനുള്ള സമ്മതമല്ല, രാജ്യത്തിന്റെ എല്ലാ ദിക്കുകളും അദ്ദേഹത്തിന്റെ കീഴിലാക്കിക്കൊണ്ടുള്ള അധികാര പത്രമാണിത്. നാട്ടിലെങ്ങും വിളയുന്ന ഉൽപന്നങ്ങൾ സംഭരിക്കുക അദ്ദേഹത്തിന്റെ മുഖ്യദൗത്യമായ പശ്ചാത്തലമാണ്, 'ഇഷ്ടമുള്ള എവിടെയും താവളമാക്കാ'മെന്ന പരാമർശത്തെ സംഗതമാക്കുന്നത്. ഭക്ഷ്യ ധാന്യങ്ങൾ കാര്യക്ഷമമായി സംഭരിക്കുന്നതിന് അദ്ദേഹത്തിന് ഈജിപ്തിന്റെ എല്ലാ പ്രദേശങ്ങളിലും സഞ്ചരിക്കുകയും താവളമടിക്കുകയും ചെയ്യേണ്ടതുണ്ടല്ലോ. യൂസുഫി(അ)ന്നുണ്ടായിരുന്ന അധികാരത്തിന്റെ സ്വഭാവം വ്യക്തമാക്കുന്ന വേറെയും പ്രയോഗങ്ങൾ ഈ സൂറയിൽ കാണാം. 72-ാം സൂക്തത്തിൽ യൂസുഫിന്റെ പാനപാത്രം കാണാതായതിനെക്കുറിച്ച് രാജസേവകർ പറഞ്ഞതായി ഉദ്ധരിക്കുന്നു: نَفْقِدُ صُوَاعَ ٱلْمَلِكِ (രാജാവിന്റെ പാനപാത്രം നഷ്ടപ്പെട്ടിരിക്കുന്നു). 100-ാം സൂക്തത്തിൽ, രാജധാനിയിലെത്തിയ യഅ്ഖൂബ് നബിയെയും കുടുംബത്തെയും യൂസുഫ് നബി സ്വീകരിച്ചതിനെക്കുറിച്ചു പറയുന്നു: وَرَفَعَ أَبَوَيْهِ عَلَى ٱلْعَرْشِ وَخَرُّوا۟ لَهُۥ سُجَّدًا (മാതാപിതാക്കളെ അദ്ദേഹം സിംഹാസനത്തിലേക്കുയർത്തി. എല്ലാവരും അദ്ദേഹത്തിനു പ്രണാമം ചെയ്തു). തുടർന്ന് 101-ാം സൂക്തത്തിൽ അദ്ദേഹത്തിന്റെ പ്രാർഥന ഉദ്ധരിക്കുന്നു: رَبِّ قَدْ ءَاتَيْتَنِى مِنَ ٱلْمُلْكِ (എന്റെ നാഥാ തീർച്ചയായും നീ എനിക്ക് രാജാധികാരം നൽകിയിരിക്കുന്നു). ഇതിൽ നിന്നെല്ലാം

അസന്ദിഗ്ധമായി വ്യക്തമാകുന്നത് യൂസുഫ്(അ) ഈജിപ്തിൽ രാജാവിന്റെ ഒരു ഉദ്യോഗസ്ഥനായിരുന്നില്ല; പ്രത്യുത രാജ്യത്തിന്റെയും രാജാവിന്റെയും നായകനായിരുന്നു എന്നാണ്. ഇതേ ആശയം തന്നെയാണ് ബൈബിൾ വാക്യങ്ങളിലും പ്രകാശിക്കുന്നത്. “ഫറവോൻ യോസേഫിനോടു കൽപിച്ചു: ഇതാ ഞാൻ നിന്നെ ഈജിപ്തിനു മുഴുവൻ മേലധികാരിയായി നിയമിച്ചിരിക്കുന്നു. അനന്തരം ഫറവോൻ തന്റെ കൈയിലെ മുദ്രമോതിരം ഊരി യോസേഫിന്റെ കൈയിൽ അണിയിച്ചു. നേർമയേറിയ പട്ടുവസ്ത്രങ്ങൾ അയാളെ ധരിപ്പിച്ചു. ഒരു സ്വർണമാല അയാളുടെ കഴുത്തിൽ അണിയിക്കുകയും ചെയ്തു. ഫറവോൻ അയാളെ തന്റെ രണ്ടാം രാജകീയ രഥത്തിൽ സവാരി ചെയ്യിച്ചു. മുട്ടുമടക്കി വന്ദിപ്പിൻ എന്ന് അയാളുടെ മുമ്പിൽനിന്ന് അവർ വിളിച്ചു പറഞ്ഞു. അങ്ങനെ ഈജിപ്ത് രാജ്യത്തൊട്ടാകെ മേലധികാരിയായി യോസേഫിനെ നിയമിച്ചു. ഫറവോൻ യോസേഫിനോടു പറഞ്ഞു: “ഞാൻ ഫറവോൻ ആകുന്നു. നിന്റെ അനുവാദം കൂടാതെ ഈജിപ്ത് രാജ്യത്ത് ഒരാളും കൈയോ കാലോ ഉയർത്തുന്നതല്ല” (ഉൽപത്തി 41: 41–44)

മൂന്നാമതൊരു വിശദീകരണവും കൂടിയുണ്ട്. ആധുനിക സാഹചര്യത്തിൽ കൂടുതൽ പ്രസക്തമായിട്ടുള്ളതാണത്. ഒരു മുഅ്മിനിന്റെ– സത്യവിശ്വാസിയുടെ അടിസ്ഥാന രാഷ്ട്രീയ ദൗത്യം ഇസ്‌ലാമിക ശരീഅത്തിനനുസൃതമായ സാമൂഹിക ക്രമം സ്ഥാപിച്ചു നിലനിർത്താൻ ശ്രമിക്കുകയാണ്. അതിനു വിരുദ്ധമായ ഒരു കാര്യത്തിലും അയാൾ ഏർപ്പെടുന്നതനുവദനീയമല്ല. ഈ നിലക്ക്, ഇസ്‌ലാമിനെയും മുസ്‌ലിംകളെയും നശിപ്പിക്കാൻ പ്രതിജ്ഞയെടുക്കുകയും അതിനുവേണ്ടി യുദ്ധം പ്രഖ്യാപിക്കുകയും ചെയ്തിട്ടുള്ളവരെ അവർ ഭരണകൂടമാവട്ടെ, സമുദായമാകട്ടെ, പാർട്ടിയാകട്ടെ– സേവിക്കുന്നത് ഈമാനിനു വിരുദ്ധമാണ്. പക്ഷേ, ഇസ്‌ലാം അല്ലാത്ത എല്ലാറ്റിനെയും ഇസ്‌ലാം വിരുദ്ധ ശത്രുപക്ഷമായി കാണുകയും പൂർണ നിസ്സഹകരണം കൈകൊള്ളുകയും ചെയ്യേണ്ടതില്ല. ചില ഭരണകൂടങ്ങൾക്ക് ഇസ്‌ലാമിനോട് വിരോധമുണ്ടെങ്കിൽ പോലും പരസ്യമായ യുദ്ധപ്രഖ്യാപനം നടത്തുന്നില്ല. എന്നല്ല അവർ മുസ്‌ലിംകൾക്ക് പൗരത്വമനുവദിക്കുകയും സ്വകാര്യ ജീവിതത്തിലെങ്കിലും മതാനുഷ്ഠാനത്തിന് സ്വാതന്ത്ര്യം നൽകുകയും ചെയ്യുന്നുമുണ്ട്. ചിലർ ഇസ്‌ലാമിനെ അംഗീകരിക്കുന്നില്ലെങ്കിലും അതിനോട് പ്രത്യേക വിരോധമൊന്നുമില്ല. ചിലർ എല്ലാ മതങ്ങളെയും ഒരുപോലെ വീക്ഷിക്കുന്നവരാണ്. ചില സമൂഹങ്ങളിൽ ഇസ്‌ലാമിനെ പ്രചരിപ്പിക്കാനും അതിന്റെ സാമൂഹിക ക്രമത്തിനുവേണ്ടി വാദിക്കാനും വരെ സ്വാതന്ത്ര്യമുണ്ട്. ജനാധിപത്യ രാജ്യങ്ങളെ സംബന്ധിച്ചേടത്തോളം അവയെ അമുസ്‌ലിം ഭരണകൂടം എന്നു പറയുന്നതുപോലും സൂക്ഷ്മമല്ല. കാരണം മുസ്‌ലിം പൗരന്മാർ കൂടി ചേർന്ന് സ്ഥാപിക്കുന്നതാണാ ഭരണകൂടം. ഭരണകൂടങ്ങളുടെയും സമാജങ്ങളുടെയും പാർട്ടികളുടെയും ഈ വ്യത്യാസങ്ങൾക്കനുസൃതമായി വിശ്വാസികളുടെ അവയോടുള്ള സമീപനവും വ്യത്യസ്തമാക്കേണ്ടതുണ്ട്.

യൂസുഫ് നബി അഭിമുഖീകരിച്ചത് ഇസ്‌ലാമിനോട് യുദ്ധം ചെയ്യുന്ന ഒരു രാജാവിനെയായിരുന്നില്ല. പാരമ്പര്യ മതവും കീഴ്‌വഴക്കങ്ങളുമനുസരിച്ച് ഭരണചക്രം തിരിക്കുന്ന രാജാവായിരുന്നു അദ്ദേഹം. യൂസുഫ് അദ്ദേഹത്തെ തൗഹീദിലേക്കു ക്ഷണിച്ചതായി ഖുർആനോ ബൈബിളോ പറയുന്നില്ല. എങ്കിലും ഒരു പ്രവാചകൻ എന്ന നിലക്ക് അദ്ദേഹം തീർച്ചയായും ആ ദൗത്യം നിർവഹിച്ചിട്ടുണ്ടായിരിക്കണം. അത് എല്ലാ പ്രവാചകന്മാരും ചെയ്യുന്നതാണല്ലോ. സാധാരണ പ്രവാചകന്മാരിൽ നിന്ന് വ്യത്യസ്തമായി അദ്ദേഹം ചെയ്തതും ഈ കഥയിൽ പ്രസക്തമായിട്ടുള്ളതുമായ സംഗതി, ഈജിപ്തിനെ അഭിമുഖീകരിച്ച മഹാനാശത്തിൽനിന്ന് ആ രാജ്യത്തെ രക്ഷിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്കാണ്. ആ പങ്കുതന്നെയായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ പ്രബോധനം. അത് എത്രത്തോളം ഫലപ്രദമായിട്ടുണ്ടാകുമെന്ന് പറയാതെ തന്നെ മനസ്സിലാക്കാവുന്നതാണ്. പ്രബോധിത സമൂഹത്തെ പാരത്രിക ശിക്ഷയിൽനിന്നു രക്ഷിക്കാൻ ശ്രമിക്കുക എന്നതു പോലെ ഭൗതികമായ വിപത്തുകളിൽനിന്ന് രക്ഷിക്കാൻ ശ്രമിക്കുക എന്നതും പ്രവാചകന്മാരുടെയും പ്രബോധകരുടെയും ദൗത്യത്തിൽ പെടുന്നു എന്നതാണ് ഇതു നൽകുന്ന പ്രധാനപാഠം. വ്യവസ്ഥിതിയുടെ സ്വഭാവമോ രാജാവിന്റെ വിശ്വാസമോ ഒന്നും അക്കാര്യത്തിൽ പ്രസക്തമല്ല. യൂസുഫ് നബിയുടെ ഉദാത്തമായ ഈ നടപടിയെ അധികാരത്തിന്റെ അപ്പക്കഷ്ണം തേടലോ വയറ്റുപിഴപ്പിനു വേണ്ടിയുള്ള ഉദ്യോഗം തേടലോ ആയി കാണുന്നത് ആ പ്രവാചകനെ അവമതിക്കലാകും.

സത്യവിശ്വാസികൾ സത്യനിഷേധികളെ 'ഔലിയാഅ്' ആക്കുന്നതിനെ വിലക്കുന്ന സൂക്തങ്ങൾ അവതരിച്ചത് മുസ്‌ലിംകളും ബഹുദൈവാരാധകരും തമ്മിൽ നിരന്തരം യുദ്ധം നടന്നു വന്ന കാലയളവിലാണ്. ശത്രുക്കൾ വ്യവസ്ഥാപിത ഭരണകൂടങ്ങളോ രാഷ്ട്രങ്ങളോ ആയിരുന്നില്ല; അറേബ്യൻ ഗോത്രങ്ങളായിരുന്നു. മുസ്‌ലിംകൾ അവരുടെ ഭരണകൂടത്തിൽ പങ്കാളികളാവുകയോ ഉദ്യോഗം സ്വീകരിക്കുകയോ ചെയ്യുന്ന പ്രശ്നമൊന്നുമുണ്ടായിരുന്നില്ല. എങ്കിലും മദീനയിലെ മുസ്‌ലിംകളിൽ ചിലർക്ക് ശത്രു ഗോത്രങ്ങളിലെ ആളുകളുമായി പൂർവകാല സൗഹൃദമുണ്ടായിരുന്നു. ചിലരുമായി കുടുംബബന്ധവുമുണ്ടായിരുന്നു. ചിലർക്കു അവരുമായി ബന്ധപ്പെട്ട കച്ചവട താൽപര്യങ്ങളുണ്ടായിരുന്നു. ശത്രുക്കളുമായുള്ള ഈ ബന്ധങ്ങൾ ദൃഢീകരിക്കുന്നത് യുദ്ധക്കെടുതിയിൽനിന്ന് തങ്ങൾക്കും കുടുംബത്തിനും സമ്പത്തിനും സുരക്ഷിതരാകാനുപകരിക്കുമെന്ന് അക്കൂട്ടത്തിൽ ചിലർ കരുതി. ശത്രുക്കളാവട്ടെ ഈ സൗഹൃദബന്ധം നന്നായി ചൂഷണം ചെയ്യാൻ ശ്രമിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ ശത്രുക്കളുമായുള്ള മൈത്രിബന്ധം അപകടകരമാണെന്നും വിശ്വാസികൾ ഒരിക്കലും അവരെ രക്ഷകരായി കാണരുതെന്നും ഉണർത്തുകയായിരുന്നു ഖുർആൻ. അതിന്റെ കാരണവും ഖുർആൻ വ്യക്തമാക്കിയിട്ടുണ്ട്.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوا۟ لَا تَتَّخِذُوا۟ بِطَانَةً مِّن دُونِكُمْ لَا يَأْلُونَكُمْ خَبَالًا وَدُّوا۟ مَا عَنِتُّمْ قَدْ بَدَتِ ٱلْبَغْضَآءُ مِنْ أَفْوَٰهِهِمْ وَمَا تُخْفِى صُدُورُهُمْ أَكْبَرُ ۚ قَدْ بَيَّنَّا لَكُمُ ٱلْـَٔايَـٰتِ ۖ إِن كُنتُمْ تَعْقِلُونَ

(അല്ലയോ സത്യവിശ്വാസികളേ, നിങ്ങളിൽപ്പെട്ടവരല്ലാത്തവരെ നിങ്ങളുടെ മനസാക്ഷിസൂക്ഷിപ്പുകാരാക്കരുത്. നിങ്ങളുടെ ദൗർബല്യങ്ങൾ ചൂഷണം ചെയ്യാൻ ലഭിക്കുന്ന ഒരവസരവും അവർ പാഴാക്കുകയില്ല. നിങ്ങൾക്ക് ഹാനികരമായതെന്തും അവർക്കു പ്രിയങ്കരമാകുന്നു. വിദ്വേഷം അവരുടെ വായകളിലൂടെ വെളിപ്പെട്ടിട്ടുള്ളതാണല്ലോ. അവരുടെ മനസ്സിലൊളിപ്പിച്ചു വെച്ചിട്ടുള്ളത് അതിനെക്കാൾ ഭയങ്കരമായതാകുന്നു – 3:118). هَـٰٓأَنتُمْ أُو۟لَآءِ تُحِبُّونَهُمْ وَلَا يُحِبُّونَكُمْ (നിങ്ങളിതാ അവരെ സ്നേഹിക്കുന്നു. അവരോ, നിങ്ങളെ സ്നേഹിക്കുന്നില്ല തന്നെ – 3:119).

إِن تَمْسَسْكُمْ حَسَنَةٌ تَسُؤْهُمْ وَإِن تُصِبْكُمْ سَيِّئَةٌ يَفْرَحُوا۟ بِهَا (നിങ്ങൾക്കൊരു ഗുണമുണ്ടായാൽ അതവരെ ദുഃഖിപ്പിക്കുന്നു. നിങ്ങൾ

ക്ക് ദോഷം പറ്റിയാലോ അതിലവർ ആഹ്ലാദിക്കുകയും ചെയ്യുന്നു – 3:120).

ദീനുൽ ഇസ്‌ലാമുമായും ഉമ്മതു മുസ്‌ലിമുമായും യുദ്ധത്തിലേർപ്പെട്ടിട്ടുള്ള ഭരണകൂടങ്ങളെയും സമൂഹങ്ങളെയും സ്വന്തം രക്ഷകരായി വരിച്ച് സേവിക്കുന്നതും മൈത്രി ബന്ധം പുലർത്തുന്നതും ഈ സൂക്തങ്ങൾ ശക്തിയായി വിലക്കുന്നുവെന്നത് നിസ്സംശയമാണ്. എന്നാൽ അങ്ങനെയല്ലാത്ത ഭരണകൂടങ്ങളുമായും സമൂഹങ്ങളുമായും അത്തരം ബന്ധങ്ങളുണ്ടാകുന്നതിനെ ഈ സൂക്തങ്ങൾ വിലക്കുന്നില്ല. ഖുർആൻ അത് മറ്റൊരിടത്ത് ഇപ്രകാരം വ്യക്തമാക്കിയിരിക്കുന്നു:

لَّا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ لَمْ يُقَٰتِلُوكُمْ فِى ٱلدِّينِ وَلَمْ يُخْرِجُوكُم مِّن دِيَٰرِكُمْ أَن تَبَرُّوهُمْ وَتُقْسِطُوٓا۟ إِلَيْهِمْ ۚ إِنَّ ٱللَّهَ يُحِبُّ ٱلْمُقْسِطِينَ ﴿٨﴾ إِنَّمَا يَنْهَىٰكُمُ ٱللَّهُ عَنِ ٱلَّذِينَ قَٰتَلُوكُمْ فِى ٱلدِّينِ وَأَخْرَجُوكُم مِّن دِيَٰرِكُمْ وَظَٰهَرُوا۟ عَلَىٰٓ إِخْرَاجِكُمْ أَن تَوَلَّوْهُمْ ۚ وَمَن يَتَوَلَّهُمْ فَأُو۟لَٰٓئِكَ هُمُ ٱلظَّٰلِمُونَ ﴿٩﴾

(ദീനിന്റെ പേരിൽ നിങ്ങളോട് യുദ്ധം ചെയ്തിട്ടില്ലാത്തവരും നിങ്ങളെ വീടുകളിൽനിന്ന് ആട്ടിയോടിച്ചിട്ടില്ലാത്തവരുമായ ആളുകളോട് നന്മയിലും നീതിയിലും വർത്തിക്കുന്നത് അല്ലാഹു വിലക്കുകയില്ല. നിശ്ചയം നീതിമാന്മാരെ അല്ലാഹു സ്നേഹിക്കുന്നു. ദീനിന്റെ പേരിൽ നിങ്ങളോടു യുദ്ധം ചെയ്യുകയും നിങ്ങളുടെ വീടുകളിൽനിന്ന് ആട്ടിയോടിക്കുകയും ആട്ടിയോടിക്കുന്നതിൽ സഹായിക്കുകയും ചെയ്തവരെ നിങ്ങൾ ഔലിയാഅ് ആക്കുന്നതുമാത്രമാകുന്നു അല്ലാഹു നിരോധിക്കുന്നത്. അത്തരക്കാരെ 'ഔലിയാഅ്' ആക്കുന്നവർ അക്രമകാരികൾ തന്നെയാകുന്നു – 60: 8,9).

'ഇസ്‌ലാമിനെ നശിപ്പിക്കാനൊരുമ്പെട്ടിറങ്ങിയ ശത്രുക്കളെ വിശ്വാസികൾ അവരുടെ മിത്രങ്ങളും കൈകാര്യക്കാരുമായി സ്വീകരിക്കരുത്' എന്ന കൽപനയെ 'മുസ്‌ലിംകളല്ലാത്ത ആരെയും മുസ്‌ലിംകൾ അപ്രകാരം സ്വീകരിക്കരുത്' എന്ന അർഥത്തിലെടുത്താൽ ഒരമുസ്‌ലിം രാജ്യത്ത് പൗരനായിരിക്കുന്നത് പോലും അനുവദനീയമല്ലെന്നുവരും. രാഷ്ട്രത്തെ അംഗീകരിക്കുകയും അവിടത്തെ ഗവൺമെന്റിന്റെ സംരക്ഷണം സ്വീകരിക്കുകയും ചെയ്യാതെ ഒരാൾക്ക് ആ രാഷ്ട്രത്തിലെ പൗരനായിരിക്കാൻ കഴിയില്ല. ഇസ്‌ലാമിനോട് പൊരുതുന്ന ശത്രുവായിരിക്കുക എന്നതും ഇസ്‌ലാം അല്ലാതിരിക്കുക എന്നതും വ്യത്യസ്തമായ കാര്യങ്ങളാണ്. പ്രവാചകന്റെ മക്കാ ജീവിത കാലത്തു തന്നെ തന്റെ ശിഷ്യന്മാരെ എത്യോപ്യയിലെ ക്രൈസ്തവ രാജാവായ നേഗശിന്റെ സംരക്ഷണം തേടി അങ്ങോട്ടയക്കുകയുണ്ടായി. മദീനയിൽ ഇസ്‌ലാമിക രാഷ്ട്രം സ്ഥാപിതമായപ്പോൾ തിരുമേനി ആദ്യം ചെയ്തത് അവിടത്തെ അമുസ്‌ലിം വിഭാഗങ്ങളുമായി സഖ്യത്തിലേർപ്പെടുകയാണ്. ഒരു കൂട്ടരുമായി സഖ്യത്തിലേർപ്പെടുകയെന്നാൽ അവരുമായി സൗഹാർദവും സഹകരണവും പരസ്പര സംരക്ഷണവും ഉറപ്പാക്കുകയാണല്ലോ.

ചുരുക്കത്തിൽ ഇസ്‌ലാമിനോട് പ്രഖ്യാപിത ശത്രുത പുലർത്തുന്നവരുമായി വിശ്വാസികൾ ബന്ധം സ്ഥാപിക്കുന്നതാണ് വിലക്കപ്പെട്ടിട്ടുള്ളത്. അതല്ലാത്ത വിഭാഗങ്ങളുമായി, ഇസ്‌ലാമിന്റെ ആദർശങ്ങൾക്കും ഉമ്മതു മുസ്‌ലിമയുടെ അനിവാര്യ താൽപര്യങ്ങൾക്കും വിരുദ്ധമാകാത്ത സൗഹാർദ ബന്ധങ്ങൾ ഇസ്‌ലാം അനുശാസിച്ച കാര്യങ്ങളിൽ പെട്ടതാകുന്നു.

نُصِيبُ.......ٱلْمُحْسِنِينَ എന്ന വാക്യം രണ്ട് ആശയങ്ങളെ പ്രകാശിപ്പിക്കുന്നു. ഒന്ന്, സകലമാന അധികാര ശക്തികളും ഉടമസ്ഥതയും അല്ലാഹുവിന്റെ മാത്രം ഹസ്തത്തിലാകുന്നു. അവൻ വല്ലവർക്കും അനുഗ്രഹവും ഔദാര്യവും ചൊരിഞ്ഞു കൊടുക്കാനുദ്ദേശിച്ചാൽ അത് തടയാൻ കഴിയുന്ന ശക്തിയേതുമില്ല. അവൻ വിചാരിക്കുന്നവരെ മൺകുടിലിൽ നിന്ന് മണി മേടകളിലെത്തിക്കുന്നു. കാരാഗൃഹവാസിയെ സിംഹാസനസ്ഥനാക്കുന്നു. അതൊക്കെ അവന്റെ കഴിവിന്റെ ലഘുസ്ഫുരണങ്ങൾ മാത്രം. രണ്ട്, സുകൃതരുടെ കർമഫലം പാഴായിപ്പോകുന്നില്ല. ചെറുതായാലും വലുതായാലും ഇന്നല്ലെങ്കിൽ നാളെ അതുലഭിക്കുക തന്നെ ചെയ്യും. സജ്ജനങ്ങൾ പരീക്ഷണങ്ങളെ അഭിമുഖീകരിക്കേണ്ടി വരിക സ്വാഭാവികമാണ്. പരീക്ഷണങ്ങൾ നേരിടുന്നതിലൂടെയാണ് സജ്ജനത്തിന്റെ നന്മകൾക്ക് മാറ്റുകൂടുന്നത്. യാതൊരു പ്രതികൂലാവസ്ഥയെയും നേരിടാനില്ലാത്തപ്പോൾ സന്മാർഗ ജീവിതം അനായാസകരമാണ്. സന്മാർഗത്തിലൂടെയുള്ള സഞ്ചാരത്തിന് പ്രതിബന്ധങ്ങളുയരുകയും ദുർമാർഗത്തിലേക്ക് സമ്മർദമുണ്ടാവുകയും ചെയ്യുമ്പോൾ സന്മാർഗത്തിൽ തന്നെ ഉറച്ചു നിൽക്കുന്നവരുടെ അവസ്ഥ അത്തരക്കാരുടേതിനേക്കാൾ വളരെ ഉന്നതവും മഹത്തരവുമാകുന്നു. അവർക്ക് അല്ലാഹു ഇഹത്തിലും പരത്തിലും കർമഫലം നൽകുന്നു. അക്കൂട്ടത്തിലൊരാളാണ് യൂസുഫ്(അ). ■